


## കുഞ്ഞാറ്റ


കരയല്ലേ കരയല്ലേ കുഞ്ഞാറ്റേ....
അമ്മിഞ്ഞ കുടിക്കെടീ കുഞ്ഞാറ്റേ...
വേഗം ഉറങ്ങെടീ കുഞ്ഞാറ്റേ...
വേഗം ഉണരല്ലേ കുഞ്ഞാറ്റേ...
ഊണൊന്ന് കഴിക്കട്ടെ കുഞ്ഞാറ്റേ...
സീരിയൽ കണ്ടോട്ടെ കുഞ്ഞാറ്റേ...

ഹിബ പർവ്വീൻ, ക്ലാസ്- 6
ഐ. ആർ. എച്ച്. എസ്. എസ്
എടയൂർ

**അനുഭവം**

# ഉറ്റവരുടെ ഓർമ്മക്കായ്

എനിക്ക് സ്വന്തമായി രണ്ട് കൊച്ചുപ്പമാരാണ്. അതിൽ ഒരു കൊച്ചുപ്പയെ ഞാൻ കണ്ടിട്ടുപോലുമില്ല. എന്റെ വല്ലിമ്മ, അമ്മായി, അമ്മായിയുടെ ഭർത്താവ്, ഇവരുടെ രണ്ട് മക്കളിൽ ഒരു മകളും ഇന്ന് ഞങ്ങളുടെ കുടുംബത്തിൽ



ഫർഹാൻ.കെ, ക്ലാസ് - 2, അൽ സബാഹ് ഇന്ത്യൻ സ്കൂൾ, യു.എ.ഇ



ലിയാന. വി, ക്ലാസ് - 5,
ഡി.ഐ.എസ്.ജി.എച്ച്.എസ്.എസ് കണ്ണൂർ സിറ്റി

ഇല്ല. ഞാൻ ജനിക്കുന്നതിന് മൂന്ന് വർഷം മുമ്പ് ഇവർ എല്ലാം ഒരു അപകടത്തിൽ പെട്ടു മരിച്ച വിവരം പറഞ്ഞ് കേട്ടതേയുള്ളൂ. അന്ന് അപകടത്തിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയ രണ്ട് പേർ എന്റെ ഇത്താത്തയും അമ്മായിയുടെ മകനും. അമ്മായിയുടെ ഭർത്താവും മകളും മരിച്ചപ്പോൾ അമ്മായിയുടെ മകനെ മാത്രം അല്ലാഹു തിരിച്ചു തന്നു.

പതിനൊന്ന് വർഷം മുമ്പ് ഒരു ജനുവരിയിലായിരുന്നുവത്രെ കുടുംബത്തിലെ ഉറ്റവരായ അഞ്ചു ആളുകളെ മരണം വാഹന അപകടത്തിന്റെ രൂപത്തിൽ വന്ന് റാഞ്ചിയെടുത്തത്. അന്ന് എന്റെ ഉപ്പ ഗൾഫിലായിരുന്നു. അപകടം സംഭവിച്ചു എന്നു മാത്രമാണ് ഉപ്പയെ അറിയിച്ചത്.

അപകടത്തിന്റെ വ്യാപ്തി അറിയാൻ നെഞ്ചിടിപ്പോടെയും സങ്കടത്തോടെയും ഉപ്പ വീട്ടിൽ എത്തിയപ്പോൾ മനസ്സ് തകരുന്ന കാഴ്ചയാണ് കണ്ടത്. നിരന്നു കിടത്തിയിരുന്ന അഞ്ചു മയ്യത്തുകളിൽ ഉപ്പയുടെ സ്വന്തം പൊന്നുമ്മയും പ്രിയ സഹോദരിയും അളിയനും കുടുംബത്തിലെ കളിക്കുടുക്കയും സഹോദരിയുടെ ഓമന മോളുടെ ചലനമറ്റ ശരീരം കിടക്കുന്നത് കാണാൻ ഉപ്പാക്ക് ശക്തിയില്ലായിരുന്നു.

രാത്രിയിൽ ഉപ്പ പറഞ്ഞു തരുന്ന കഥ കേട്ടാണ് ഉറങ്ങാറ്. ഒരു ദിവസം അനുഭവം തന്നെ പറഞ്ഞപ്പോൾ ഉപ്പയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. ഇവർ എല്ലാവരും ഉണ്ടായിരുന്നെങ്കിൽ? എന്ന് എന്റെ കൊച്ചു മനസ്സിൽ ഞാൻ പ്രിയപ്പെട്ടവരെ ഓർത്തു. ഉപ്പ കാണാതെ ഉറങ്ങുന്നതുപോലെ കണ്ണടച്ചു സങ്കടത്തോടെ ഞാൻ പ്രാർത്ഥിക്കുകയായിരുന്നു. അല്ലാഹുവേ,

അവർക്ക് നീ സ്വർഗ്ഗം നൽകി അനുഗ്രഹിക്കേണമേ...

റബീഹ, ക്ലാസ്- 3
കെ.എം.എം ഇംഗ്ലീഷ് സ്കൂൾ
പെരുമ്പടപ്പ്, പുത്തൻ പള്ളി

# നന്മക്കിളി

യാത്രാക്ഷീണം കൊണ്ട് കരുവാളിച്ച മുഖവുമായ് അൽപനേരം കഴിഞ്ഞ് വിശ്രമിക്കാമെന്നു കരുതി കുറച്ചുദൂരം നടന്നപ്പോൾ. ആൽമരത്തണലിന്റെ രുചി അറിഞ്ഞു കൊണ്ട് കൊച്ചു കൂട്ടുകാർ ഇളം വെയിലത്ത് കളിച്ചു രസിക്കുന്നു.

കൂട്ടുകാരില്ലാത്ത ബാസിമ അവരോടൊപ്പം കൂടാമെന്നു കരുതി. ഒരു പെൺകുട്ടി അവളെ ശകാരിച്ച് അവിടെ നിന്ന് പുറത്താക്കി. ബാസിമ കരയാൻ തുടങ്ങി. ഇതു കണ്ട മറ്റൊരു പെൺകുട്ടി ബാസിമയുടെ അടുത്തെത്തി പറഞ്ഞു: ''സാരമില്ല. നീ വിഷമിക്കണ്ട. നിന്റെ കൂടെ ഞാൻ ഉണ്ട്. അവൾക്ക് അറിവില്ലാത്തതു കൊണ്ടാ അങ്ങനെ പറഞ്ഞത്. നമുക്കു സുഹൃത്തുക്കളാകാം. എന്റെ പേര് ഫാത്തിമ. അവളുടെ പേര് അക്ഷന. അക്ഷന എന്റെ സുഹൃത്താണ്. അവൾക്ക് ഞാൻ നല്ല കാര്യങ്ങൾ പറഞ്ഞ് മനസിലാക്കി കൊടുക്കാം.'' ഫാത്തിമ പറഞ്ഞ സ്നേഹവചനങ്ങൾ അവളുടെ മനസ്സിൽ പതിഞ്ഞു. കുറ്റബോധം തോന്നിയ അക്ഷനയും അവളും സുഹൃത്തുക്കളും ആലിൻ തണലിൽ കളിച്ചുരസിച്ചു.

ഇവർ എത്ര നല്ല കൂട്ടുകാരാണ്! ഇതിനെല്ലാം പ്രേരിപ്പിച്ച ഫാത്തിമ



**അഹമ്മദ് ഹനീഫ്**
**ക്ലാസ്- 1**
**ജി.എൽ.പി സ്കൂൾ**
**പയ്യടിമീത്തൽ**

എന്ന നന്മക്കിളിയെപ്പോലെ ഞാൻ നല്ല കുട്ടിയാകും ബാസിമ ചിന്തിച്ചു.

സിദ്റ കെ.എം, ക്ലാസ്- 7
ജെ.ഡി.റ്റി സ്കൂൾ
വെള്ളിമാടുകുന്ന്.

# അമ്മുവിന്റെ കദനകഥ അഥവാ മറ്റുള്ളവരുടേയും

നടുകുളം ഗ്രാമത്തിലെ ഹൈ സ്കൂൾ വിദ്യർത്ഥിനിയാണ് അമ്മു. പഠനത്തിലെന്ന പോലെ കലാകായിക രംഗങ്ങളിലും മുൻ പന്തിയിൽ. പക്ഷേ, അമ്മുവിന്റെ ജീവിതം ഇങ്ങനെ.

രാവിലെ ഒമ്പതു മണിക്ക് സ്കൂൾ തുടങ്ങും. രാവിലെ നാലുമണിക്കെങ്കിലും എഴുന്നേൽക്കണം. കാരണം കഴിഞ്ഞ ദിവസംഎഴുതിത്തീരാത്ത ഹോംവർക്കുകൾ ചെയ്യുന്നതിന് പുറമെ സ്കൂളിലേക്കു പോകുവാൻ ഒരുങ്ങുകയും വേണം.

രാവിലെ അഞ്ചരക്ക് എണീറ്റാൽ മാതാപിതാക്കളുടെ ശകാരം. ''നീ സ്കൂൾ കുട്ടിയല്ലേ?! പഠിക്കാനില്ലേ?'' എന്നൊക്കെ.

ഒമ്പതു മണിക്ക് ക്ലാസിലെത്താൻ എട്ടുമണിക്കെങ്കിലും ബസ്സ്റ്റോപ്പിലെത്തണം. ഏത് ബസ്സാണ് നിർത്തുക എന്ന് ഒരു നിശ്ചയവുമില്ല. ആദ്യത്തെ ഒന്നുരണ്ടു ബസ്സുകൾ നിർത്തിയില്ല. പിന്നെ വന്ന ബസ്സിൽ പടികളിൽ വരെ ആളുകളാണ്! ശേഷം വന്ന ബസ്സിൽ



റൈഹാൻ റാസിഖ് .പി
ക്ലാസ്- 2
എ.എം.എൽ.പി സ്കൂൾ
അരിപ്ര മേൽമുറി

എങ്ങനെയോ തിരക്കിക്കയറി. പണം കൊടുക്കാൻ നേരം കണ്ട ക്ടറുടെ വക ശകാരം കേൾക്കേണ്ടിവന്നു. സ്കൂൾ കുട്ടികളുടെ കൺസഷൻ ചാർജ് കണ്ടക്ടർമാരെ ശുണ്ഠിപിടിപ്പിക്കുന്നു. അങ്ങനെ അഞ്ചുമിനിട്ട് വൈകിയാണ് അവൾ ക്ലാസിൽ കയറിയത്.

അപ്പോഴാണ് ആദ്യ പിരീഡിലെ മാഷിന്റെ ഹോം വർക്കിനെ പറ്റി അവൾ ഓർക്കുന്നത്. ഉടൻ തന്നെ മാഷ് വരികയും ചെയ്തു. ഹോം വർക്ക് ചെയ്യാത്തതിന് മാഷിന്റെ വകയും വഴക്ക് കേട്ടു.

പിന്നീടുള്ള പിരീയഡുകളിലും ഇന്റർവെൽ സമയങ്ങളിലും ഓരോരോ കാരണങ്ങൾക്ക് വഴക്ക് കേൾക്കേണ്ടി വന്നു. അങ്ങനെ വൈകീട്ട് നാലുമണിക്ക് വീട്ടിൽ എത്തിയപ്പോൾ രക്ഷിതാക്കൾ വീട്ടിലില്ല. അവൾക്കാണെങ്കിൽ നാലരക്ക് ട്യൂഷൻ ക്ലാസും. വിശന്ന വയറുമായി ട്യൂഷൻ ക്ലാസിലെത്തി.

രാത്രി എട്ടുമണിക്ക് ട്യൂഷൻ വിട്ടു. പിന്നീട് വീട്ടിലെത്തി ഭക്ഷണവും മറ്റും കഴിഞ്ഞപ്പോൾ സമയം ഒമ്പതു മണിയായിരുന്നു. പിന്നീട് ട്യൂഷൻ ക്ലാസിലെ ഹോം വർക്ക് ചെയ്തു തീർക്കണം. രാത്രി പന്ത്രണ്ടു മണിയോടെയാണ് ഭാരങ്ങൾ അഴിച്ചു വെച്ച് കിടന്നത് നാല് മണിക്ക് ഇനിയും എഴുന്നേൽക്കണമല്ലോ എന്ന ചിന്തയിൽ!

ഇത് ഒരു അമ്മുവിന്റെ മാത്രമല്ല, ഓരോ വിദ്യർത്ഥികളുടെയും കദന കഥയാണ്.

ഇർഫാന മുള്ളുങ്ങൽ
ഫലാഹിയ്യ, മലപ്പുറം

# സ്നേഹം

സ്നേഹമെന്നത് ഞാനറിഞ്ഞു
പാരിൽ വില കൽപിക്കാനാകില്ലതിന്
അമൃതിനേക്കാൾ മാധുര്യമേറിയ
അപൂർവ്വ തടാകമാണു സ്നേഹം
മാലോകർ തമ്മിൽ വിഷാദമുണ്ടാകാത്ത
മാണിക്യ കല്ലാണ് സ്നേഹം
അമ്മ താരാട്ടിനേക്കാൾ വാത്സല്യമേറിയ
അമ്മിഞ്ഞ പാലിനേക്കാൾ മധുരമാണ് സ്നേഹം
സ്നേഹമെന്തെന്നറിഞ്ഞിട്ടില്ലാത്തവർ
പാരിലെ പരമ നിർഭാഗ്യവാന്മാർ

മുഹമ്മദ് ഫാദി ടി.ടി, ക്ലാസ്- 7
ജെ.ഡി.റ്റി. ഇസ്ലാം, ന്യൂ ഹോപ്പ് ഇംഗ്ലീഷ് സ്കൂൾ
വെള്ളിമാടുകുന്ന്.

## വയലിന്റെ കണ്ണീർ

വയലിന്റെ മക്കൾ കരഞ്ഞിടുന്നു
കണ്ണീരുകണ്ടെല്ലാരും തേങ്ങീടുന്നു
ഞങ്ങൾക്കുമില്ലേ ഭൂമി?
ഞങ്ങൾക്കും ജീവിതം വേണ്ടേ?
സങ്കടക്കടലിൽ മുങ്ങിയ കർഷകർ
തേങ്ങി തേങ്ങി കരയുന്നു.
പാടവരമ്പിൽ നെൽമണി തേടിയ
തത്തകൾ തിരികെ മടങ്ങുന്നു.
വയലിൻ കരയിലെ മാവിൻ കൊമ്പിൽ
ഒരു ജഡമൂഞ്ഞാലാടുന്നു.

ലാമിയ പി. പി, ക്ലാസ്- 7
ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, അഴിയൂർ




## വിമർശനം എന്ന ഗുണകാംക്ഷ

സൽസ്വഭാവവും വിജ്ഞാനവുമുള്ള ഉത്തമ വ്യക്തിയെ വാർത്തെടുക്കലായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് മഹാന്മാരും വിദ്യാഭ്യാസ ചിന്തകരും പറഞ്ഞിട്ടുണ്ട്. ഉയർന്ന വരുമാനമുള്ള തൊഴിൽ നേടുന്നതിനേക്കാൾ ധാർമ്മിക ആഭിമുഖ്യമാണ് വിദ്യാഭ്യാസം കൊണ്ട് ഉണ്ടായിത്തീരേണ്ടത്. എന്നാൽ, ഭൗതിക സൗകര്യങ്ങൾ നേടാനുള്ള ഒരു മാർഗ്ഗം മാത്രമായി വിദ്യാഭ്യാസം അധപതിക്കുന്നതു നമ്മുടെ ചുറ്റുപാടും സൂക്ഷിച്ചു നോക്കിയാൽ കാണാം. ഇതിനു കാരണക്കാർ മാതാപിതാക്കളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ സമൂഹമോ ആരുമാകട്ടെ അതിന്റെ ഭാരം വഹിക്കേണ്ടി വരുന്നത് വിദ്യാർത്ഥികളാണ്.

ഒരു വിദ്യാർത്ഥിനിയുടെ കോണിലൂടെ ഈ ദുരവസ്ഥയെ ചിത്രീകരിക്കുന്ന മനോഹര കഥയാണ് 'അമ്മുവിന്റെ കഥ അഥവാ മറ്റുള്ളവരുടേതും.'

എഴുതി തുടങ്ങുന്ന കൂട്ടുകാർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനായ് മാഷും കുട്ട്യോളും എന്ന പംക്തി തുടങ്ങിയിട്ട് വർഷങ്ങളായി. കൂട്ടുകാരുടെ രചനകളെ വിലയിരുത്തി ചില ദോഷവശങ്ങൾ ചൂണ്ടി പറയുമ്പോൾ ചിലപ്പോൾ മാഷുടെ സ്വരം തീവ്രമായ് പോകാറുണ്ട്. ഇത് നിങ്ങളെ ഒരിക്കലും വൈകാരികമായി ബാധിക്കരുത്.

സദുദ്ദേശ്യത്തോടെയുള്ള ചൂണ്ടിക്കാട്ടലുകൾ ഗുണകാംക്ഷയാണ് പകരുന്നത്. വാസ്തവത്തിൽ നമ്മെ പ്രശംസിക്കുന്നവരേക്കാൾ നമ്മുടെ ന്യൂനതകളെ എടുത്തുപറയുന്നവരാണ് പലപ്പോഴും നമ്മുടെ വളർച്ചക്ക് ഹേതുവാകാറ്. കാരണം, പരിമിതികൾ അറിയുന്നതോടെ ഒരാൾക്കത് മറികടക്കാനാകുന്നു. തീവ്രസ്വരം വരാതെ മാഷ് നോക്കാം.

സസ്നേഹം മാഷ്